# കബറടക്കം

(കാദ് അഹസുക്ക്മെന്റീസ്)

ശ്ലീബാ തോളിൽ താങ്ങി.... എന്നപോലെ

യൗസേപ്പൊടു നീക്കോദീമോസ്-തരുവിന്നും നിന്നെയിറക്കി
പ്രാണൻ ഗൂഢമിരിക്കുമ്പോൾ -മൃതനെപ്പോൽ നിന്നേയേന്തി
അൽവായും മൂറും പൂശി-ക്കേത്താനപ്പട്ടിൽ ചുറ്റി
പുതിയൊരു  കല്ലറയിൽ വച്ചു-ശിലയാൽ വാതിൽ ബന്ധിച്ചു
സൃഷ്ടികളഖിലം നിൻ മൃതിയിൽ-സന്താപത്തൊടു വിലപിച്ചു
സ്വഹിതാൽ മൃതനാമുയിരേലും-നിന്നെ മൃതന്മാർ വന്ദിച്ചു
ഞങ്ങൾക്കായുളവായൊരുനിൻ-വ്യഥയും താഴ്ചയുമതിധന്യം

When Joseph and Nicodemus took You down from the top of the Cross, they carried You as though You were dead, whereas life was hidden in You and they emblamed You with myrrh and aloes and they wrapped You in fine linen cloth, laid You in a new tomb and rolled a stone against the door. The whole creation was mournful and bewailing Your death and the departed eagerly watched for Your return and worshipped You, O Eternal, Who died of His own will. Blessed be Your Passion for us and Your humility on account of us.

(തുടന്ന് പുരോഹിതൻ മദ്ബഹായിൽ പ്രവേശിച്ച് കബറടക്ക ശുശ്രൂഷ നടത്തുന്നു)

(പുരോഹിതൻ നടത്തുന്ന കബറടക്കശുശ്രൂഷ)

അനന്തരം ത്രോണോസിന്റെ അടുക്കൽ ചെന്ന് അതിൻമേൽ നിന്ന് മെഴുകുതിരികൾ ചിത്തോൽ ആദിയായ സകല സാധനങ്ങളും മാറ്റിയിട്ട് കുരിശ് കയ്യിൽ കിടത്തിപ്പിടിച്ചിരുന്നപ്രകാരം തന്നെ എടു

ത്ത് ത്രോണോസിന്മേൽ വച്ചിട്ട് ചൊറുക്കായും ചെന്നിനായകവും ചേർത്ത് വെള്ളം ഒരു പാത്രത്തിൽ കൊണ്ടുവന്ന് ത്രോണോസിന്മേൽ വെച്ച് അതിൽ കുരിശിന്റെ കോണുകൾ മുക്കണം. പിന്നീട് കുരിശ് പാത്രത്തിന്റെ മുകളിൽ പിടിച്ചുകൊണ്ടു പനിനീരോ ശുദ്ധജലമോ ഒഴിച്ച് കഴുകി തുടയ്ക്കണം. യൗസേപ്പും നിക്കോദീമോസുംകൂടി കർത്താവിന്റെ ശരീരം സംസ്ക്കരിക്കുന്നതിനു മുമ്പായി കുളിപ്പിച്ചതിന്റെ സൂചനയായിട്ടാണ് ഇപ്രകാരം ചെയ്യുന്നത്. അനന്തരം ആദ്യം ഉപയോഗിച്ച വെള്ളത്തുണി വിടുർത്തിയിട്ട് അതിൽ നൂൽപ്പഞ്ഞി നിരത്തി അതിനു മുകളിലായി കുരിശുവെച്ച് കുന്തുരുക്കം ഇട്ട് പൊതിഞ്ഞുകെട്ടി ത്രോണോസിന്റെ ഉള്ളിലോ അതിനായി ഒരുക്കപ്പെട്ട വേറെ സ്ഥലത്തോ അടക്കം ചെയ്യണം.
ത്രോണോസിനുള്ളിൽ അടക്കം ചെയ്യുന്നപക്ഷം ദുഃഖശനിയാഴ്ച ആ ത്രോണോസിന്മേലല്ലാതെ വേറെ ത്രോണോസിന്മേൽ വി. കുർബ്ബാന അണച്ചു കൊള്ളണം.
കബറിൽ വെയ്ക്കുമ്പോൾ കുരിശിന്റെ തല തെക്കോട്ടും കാൽ വടക്കോട്ടും മുൻഭാഗം കിഴക്കോട്ടും കുന്തംകൊണ്ടുള്ള മുറിവ് നിലത്തു തൊട്ട് വലതുവശം ചരിഞ്ഞ് കിടക്കത്തക്കവിധത്തിൽ മുൻഭാഗം കിഴക്കോട്ടും ആയിരിക്കണം. മുന്നൂറ്റിതൊണ്ണൂറു ദിവസം അവൻ വലതുവശം ചരിഞ്ഞ് കിടന്നു എന്ന് ഹസ്ക്കിയേൽ ദീർഘദർശി തന്നെ ക്കുറിച്ചു സൂചിപ്പിച്ചിട്ടുണ്ടല്ലോ. ആകയാൽ പുറം നിലത്തു തൊട്ടു കിടക്കരുത്.
കുരിശ് തുണിയിൽ പൊതിഞ്ഞു കെട്ടുന്നതുമുതൽ താഴെക്കാണുന്ന കുക്കിലിയോൻ തുടങ്ങി ബോവാസായുടെ അവസാനം വെരെ തികച്ചിട്ട് കുരിശ് അടക്കം ചെയ്യണം.
ചോറുക്കായും ചെന്നിനായകവും ചേർത്ത് ഈ വെള്ളം ശുശ്രൂഷയുടെ അവസാനത്തിൽ വിശ്വാസികൾ അനുഗ്രഹത്തിനായി കുടിക്കുന്നു. അപ്പോൾ അതു നിലത്തു വീഴാതിരിക്കാൻ പ്രത്യേകം സൂക്ഷിക്കേണ്ടതാകുന്നു.)

## THE SERVICE OF THE BURIAL OF THE CROSS

The celebrant stands on the altar step and mixes vinegar with myrrh in a basin. He moistens the four corners of

the cross with the mixture. He then holds it above the basin and washes it with rose water, if available, otherwise he may wash it with plain water. This act of washing the cross symbolize the washing of our Lord's body by Joseph and Nicodemus before they buried Him. After the washing, the cross must be embalmed with frankincense, covered with pure cotton and wrapped in a fine linen cloth. A white burial napkin must be bound around the head, and the loins must be bound up with a girdle. Then the cross must be buried under the altar.

It is not allowed to celebrate the Holy Eucharist on the following day, Holy Saturday, on the same altar. Therefore, another altar must be used for celebrating the Holy Eucharist on that day.

When they lay the cross in the tomb, the head must be towards the South, the feet towards the North, the face towards the East and the right side on the floor so as to press the wound of the spear. The Cross should be reclaining on its side after the example of Ezekiel who reclined on his side for three hundred and ninety days. Therefore, the back should not be touching the floor.

At the conculsion of the Burial Service, the faithful partake of the bitter mixture to remind themselves of the passion and the sufferings of our Savior Who bore our sorrows and carried our griefs. The faithful must be very careful not to drop any part of this drink lest they be condemned.

The fans must be placed on each side with a lit lamp in front of the tomb till Easter Sunday. During the Burial service, they shall say the following:

# കബറടക്കശേഷം

കബറിലുറങ്ങും ഹതരെപ്പോൽ-ഹാലേലുയ്യ-ഹാലേലുയ്യ
മൃതരുടെ മദ്ധ്യേ-സ്വാ-തന്ത്ര്യസുതൻ
മൃതി നിഴലും കൂരിരുളുമെഴും-ഹാലേലുയ്യ-ഹാലേലുയ്യ
പടുകുഴിയിൽ ചേർത്താ-നെന്നേ നീ.

മൃതരായോർക്കായ് നീ ചെയ്താശ്ചര്യങ്ങൾ-ഹാലേലുയ്യ-ഹാലേലുയ്യ
വീരന്മാരെഴുന്നേറ്റങ്ങേ-വാഴ്ത്തീടും
നിൻകൃപയെല്ലാവാസികളും -ഹാലേലുയ്യ-ഹാലേലുയ്യ
നിൻവിശ്വാസത്തെപ്പാഴായോരും-വർണ്ണിക്ക
ബാറെക്മോർ - സുബഹോ - മെനഓലം

Like a noble among the dead, Halleluiah, Halleluiah;
Like the slain that lie in the grave.
You have laid in the lowest pit, Halleluiah, Halleluiah;
In darkness in the shadow of death.
Behold You will show wonders to the dead Halleluiah, Halleluiah;
The mighty ones shall rise and praise You.

# എക്ബൊ

(ലശ്യുൽ ഏമൊദ്മിസേ)

മൃതരുടെ മാതാവാം പാതാളത്തിൽ
രാജതനുജനിറങ്ങിച്ചെന്നു
ശൂന്യതയെഴുമവളേ നിർമ്മൂലം വീഴ്ത്തി
ട്ടുൾക്കോട്ടകളെല്ലാം ഭഞ്ജിച്ചു
സത്തമശീലൻ മരണക്കോയ്മയെ നീക്കം ചെയ്തു
കോശത്തേയും കൊട്ടാരങ്ങളെയും ശൂന്യമതാക്കി
വന്നേൻ കല്പന ലംഘിച്ചോനാദിമിൻ പേർക്കായ്
എൻസവിധം ചേരുവിനെന്നേവം മൃതരോടോതി
വിശ്വാസികളാം നാമേവരുമേവം മേദാദത്തോടുദ്ഘോഷിക്കേണം
ആശ്ചര്യങ്ങളെ മൃതരായോർക്കായ് നീ ചെയ്യുന്നു
വീരന്മാരെഴുന്നേറ്റങ്ങേ സ്തുതി ചെയ്തീ-ടും

സ്ത്ഥൗമെൻകാലോസ്......ക്കുറിയേലായിസോൻ

മരിച്ചവരുടെ മാതാവായ പാതാളത്തിലേക്ക് രാജപുത്രൻ ഇറങ്ങി ച്ചെന്ന് ആ ശൂന്യം പിടിച്ചവളെ വേരോടെ പറിച്ചു കളയുകയും അവളുടെ ഉള്ളിലുള്ള കോട്ടയെ നശിപ്പിക്കുകയും ചെയ്തു. ഉത്ത മൻ മരണാധികാരത്തെ ഇല്ലാതാക്കുകയും അതിന്റെ ഭണ്ഡാര ത്തേയും കൊട്ടാരങ്ങളേയും അശേഷം മായിക്കയും ചെയ്തു. അ വൻ മരിച്ചവരോട്, 'നിങ്ങൾ പുറപ്പെട്ട് എന്റെ അടുക്കലേക്ക് വ രുവീൻ' എന്നു വിളിച്ചു പറഞ്ഞു. 'എന്തെന്നാൽ ആദാം കല്പന ലംഘിച്ചതുകൊണ്ട് ഞാൻ വന്നിരിക്കുന്നു' 'മരിച്ചവരുടെ അടു ക്കൽ അത്ഭുതങ്ങൾ പ്രവർത്തിക്കുന്നവൻ ആയുള്ളോവേ! പരാ ക്രമികൾ എഴുന്നേറ്റു നിന്നെ സ്തുതിക്കുമെന്ന് വിശ്വാസികളായ നാമെല്ലാവരും സന്തോഷത്തോടെ ഉത്തരമായിട്ട് പറയണം.
സ്ത്ഥൗമെൻകാലോസ്......ക്കുറിയേലായിസോൻ

# പ്രുമിയോൻ

തന്റെ മനുഷ്യസ്നേഹം മൂലം പ്രീതി തോന്നി മനസ്സോടെ മരണമനു ഭവിച്ച മരണമില്ലാത്ത ഉണർവുള്ളവനും സ്നേഹം മൂലം ഒരു ബലഹീ നനെപ്പോലെ കല്ലറയിൽ സ്ഥിതിചെയ്തവനും മരിച്ചവരെ എഴുന്നേ ല്പിക്കുന്നവനും കബറടക്കപ്പെട്ടവരെ ഉദ്ധരിക്കുന്നവനും ഒരു ദരിദ്ര നെപ്പോലെ യൌസേപ്പും നീക്കോദിമോസും കൂടി കെത്താനാ തു ണിയിൽ പൊതിഞ്ഞ് സംസ്ക്കരിച്ച ലോകസ്രഷ്ടാവും സംസ്ക്കരി ക്കപ്പെടുന്നതിനുവേണ്ടി ന്യായാധിപനോട് ചോദിക്കപ്പെട്ടവനായി കരയുന്ന കാക്കക്കുഞ്ഞുങ്ങൾക്ക് അവയുടെ അപേക്ഷ നൽകുന്ന വനും ഒരു മൃതശരീമെന്നപോലെ സംസ്ക്കരിക്കപ്പെടുന്നതിനായി ന്യായധിപനോട് തന്റെ ശരീരം ചോദിക്കപ്പെട്ടവനുമായവനും സ്തു തി. തന്റെ കഷ്ടാനുഭവവും മരണവും മൂലം നമ്മെ രക്ഷിച്ചവനെ നാം ഈ നേരത്തിലും സകല പെരുന്നാളുകളിലും കാലങ്ങളിലും സ്തുതിച്ച് സ്തോത്രം ചെയ്യണം. ബ്കുലഹുൻ.....

Glory be to the Immortal Who was pleased to taste death by His lovingkindness and His own will. Praise be to the

Quickener of the dead and the Restorer of the buried, Who, like a feeble person was laid in the tomb through His love. Honor be to the Creator of the worlds, who like a poor man, was enshoruded in liner cloth by Joseph and Nicodemus. Thanksgiving be to Him who provides the raven fledgelings with good things, Whose body was requested of the judge in order to be buried as a dead man. To Him, Who redeemed us by His Passion and death, we offer glory, honor and dominion now at the time of the Burial of our Lord and at all festivals, times, hours, seasons and through all the days of our life forever Bhkulahoon......

## സെദറാ

യഥാർത്ഥമായ പ്രകാശവും ജീവനും തിരുവിഷ്ടപ്രകാരം മരിച്ച് ത ന്നെ സംസ്ക്കരിക്കുവാൻ വേണ്ടി സ്നേഹിതനായ യൌസേപ്പിനാൽ നിർമ്മിക്കപ്പെട്ടിരുന്ന പുതിയ കല്ലറയിൽ സംസ്ക്കരിക്കപ്പെട്ട മരണ മില്ലാത്തവനും ആയ ഞങ്ങളുടെ മ്ശിഹാതമ്പുരാനേ! ഇപ്പോൾ മ ഹനീയവും ജീവദായകവുമായ കബറടക്കത്തെ ഞങ്ങൾ സന്തോ ഷപൂർവ്വം ബഹുമാനിച്ചുകൊണ്ടു പറയുന്നു: ഈ ജീവപ്രദമായ ക ബറടക്കം പരേതരെ കല്ലറകളിൽ ആശ്വസിപ്പിച്ചു. ഈ ജീവപ്രദമാ യ കബറടക്കം പാതാളക്കുഴിയിൽ നിദ്ര കൊണ്ടിരുന്ന പരേതർക്ക് ദുഃഖത്തിൽ നിന്ന് ആശ്വാസം നൽകി. ഈ ജീവപ്രദമായ കബറട ക്കത്തിന്റെ സ്വീകരണത്തിനായി ഉണങ്ങിയ അസ്ഥികൾ കാത്തിരു ന്ന് ജീവൻ നേടി. ഈ ജീവപ്രദമായ കബറടക്കം മരണത്തിനും പിശാചിനും ഭീതിയുംപരിഭ്രമവും ഉളവാക്കുകയും ചെയ്തു. ഈ ദൈ വീകമായ കബറടക്കം പാതാളത്തിന്റെകോട്ടകളെ നശിപ്പിച്ച് അതി ന്റെ ഗോപുരങ്ങളെതകർത്തു. ഈ ദൈവീകമായ കബറടക്കം പ്രതി കൂലികളായ അന്ധകാര സൈന്യങ്ങൾക്ക് കഷ്ടതയും ദുഃഖവും ഉള വാക്കി. ഈ ദൈവീകമായ കബറടക്കം ആദാമിനെയും വിശ്വാസി കളുടെ വർഗ്ഗത്തെ ആകമാനവും പ്രഭയും മഹത്വവും ധരിപ്പിച്ചു. ഈ ജീവദായകമായ കബറടക്കം പുണ്യവാന്മാരുടെ വിഭാഗങ്ങൾക്കാക

മാനം നവജീവൻ നൽകി. ഈ ജീവദായകമായ കബറടക്കം നമ്മ വിതച്ച് പാതാളത്തെ നിരാശ്രയമാക്കി. ഈ ജീവദായകമായ കബറടക്കം ആദമിനേയും അവന്റെ സർവ്വ സന്താനങ്ങളെയും രാജ്യാവകാശികളാക്കിത്തീർത്തു. ഈ ജീവദായകമായകബറടക്കം സാത്താനേയും സൈന്യങ്ങളെയും ദുഃഖിതരാക്കിത്തീർക്കുകയും അവൻ കീഴ്പ്പെടുത്തി വെച്ചിരുന്ന അടിമത്വത്തെ കീഴ്പ്പെടുത്തുകയും ചെയ്തു. ഈ ദൈവീകമായ കബറടക്കം ആദാമിനും അവന്റെ സർവ്വസന്താനങ്ങൾക്കും ധൈര്യവുംസന്തോഷവും നേടിക്കൊടുത്തു. പൊടിമണ്ണിൽ കിടന്നിരുന്ന പരേതർ ഈ ശ്രേഷ്ഠമായ കബറടക്കത്താൽ ആനന്ദിച്ച് മഹാസന്തോഷം നേടി. ഈ ദൈവീകമായ കബറടക്കം യഥാർത്ഥ വിശ്വാസികൾക്ക് പ്രകാശവും ജീവനും ഉദിപ്പിച്ചു. ഈ ദൈവീകമായ കബറടക്കം വംശങ്ങളുടെയും തലമുറകളുടെയും തലവന് യഥാർത്ഥമായ പ്രത്യാശയും ജീവനും പ്രദാനം ചെയ്തു. ഈ ദൈവികമായ കബറടക്കത്തിങ്കൽ ഉന്നതത്തിലെ ഈറേന്മാർ ഇറങ്ങി വന്ന് തങ്ങളുടെ യജമാനന്റെ പുത്രന്റെ കല്ലറയെ ആദരിച്ചു. ആനന്ദകരമായ സൗരഭ്യം പ്രസരിക്കുന്ന ഈ ദൈവീകമായ കബറടക്കം പൊടിമണ്ണിൽ വീണുകിടന്നിരുന്നവരെ മ്ശിഹായുടെ പാതാള പ്രവേശനം മുഖാന്തിരം സന്തോഷിപ്പിച്ചു. ഈ ദൈവീകമായ കബറടക്കം മരിച്ചുപോയവരുടെമേൽ അതിരില്ലാത്ത പ്രകാശം ഉദിപ്പിച്ചു. ഈ ദൈവീകമായ കബറടക്കം വിശ്വാസികൾക്കായി വിശുദ്ധിയും നൈർമ്മല്യവും അതിനെ പരിത്യജിച്ചവർക്ക് ആക്ഷേപവും ലജ്ജയും ക്ഷണിച്ചു വരുത്തി. കബറുകൾക്കുള്ളിൽ കിടന്നിരുന്നവർ ഈ ദൈവീകമായ കബറടക്കം മൂലം കരുണയും കൃപയും കണ്ടെത്തി. ഈ ദൈവീകമായ കബറടക്കം സ്വർഗ്ഗീയരുടെയും ഭൗമികരുടെയും ഇടയിൽ സമാധാനവും ബഹുലമായ നിരപ്പും ഉളവാക്കി. ഈ ദൈവീകമായ കബറടക്കം തങ്ങളുടെ അവകാശത്തിൽ നിന്ന് തള്ളപ്പെട്ട് ബഹിഷ്കൃതരായിരുന്നവർക്ക് സ്വർഗ്ഗീയ മണവറയുടെ വാതിൽ തുറന്നു കൊടുത്തു. ദൈവമായ കർത്താവേ! ഇപ്പോൾ തിരു സന്നിധിയിൽ ഞങ്ങൾ സമർപ്പിച്ചതായ ഈ ധൂപം മൂലം ഞങ്ങൾ അപേക്ഷിക്കുന്നു. ഞങ്ങളുടെ പാപങ്ങളും അപരാധങ്ങളും പരിഹരിക്കേണമേ. ഞങ്ങളുടെ സകല നിയമലംഘനങ്ങളേയും ക്ഷമിക്കേണമേ. തിരു സന്നിധിയിലേക്ക് യാത്രപുറപ്പെട്ടിരിക്കുന്ന ഞങ്ങളുടെ പരേതരേയും വിശ്വാസികളായ സകല പരേതരേയും ആശ്വസിപ്പിക്കേണമെ. ഞങ്ങളും അവരും കർത്താവിനും തവ പിതാവിനും

വിശുദ്ധ റൂഹായ്ക്കും ഇപ്പോഴും എപ്പോഴുംഎന്നേക്കുംസ്തുതിയുംസ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമേ. ഹോശോ....

Christ, our God, the Light and the True Life, the Immortal Who, of His own will, died and was buried in a new tomb which was hewn out in the rock by Joseph, his friend, for his burial. We therefore, now joyfuly honor Your glorious and life-giving Burial, saying: O life-giving Burial, that gave rest to the departed who were in the abyss of Sheol! O life-giving Burial, that caused life to enter into the dry bones which were eagerly waiting for it! O life-giving Burial, that cast fear and trembling into death and Satan and put down and destroyed their power! O Divine Burial, that destroyed the walls of Sheol and broke down it gates! O Divine Burial, that spread woe and denunciation upon the adverse poweres of darkness! O Divine Burial, that clothed Adam and all the faithful nations with splendor and glory! O Divine burial, that bestowed new life upon the company of the righteous! O life-giving Burial, that spread goodness in the strongholds of Sheol and made them desolate! O life-giving Burial, that made Adam and all his children inheritors of the heavenly kingdom! O Divine Burial, that clothed Satan and his powers, with distress and carried away the captives that it had carried away in captivity! O Divine Burial, that granted Adam and his children consolation and happiness! O Majestic Burial, by which those who lie prostrate in the dust, gained rejoicing and gladness! O Divine Burial, that shone forth light upon those who believed in You in true faith! O Divine Burial, that granted true hope and life to the chief of all races and

generations! O Divine Burial, on which the heavenly hosts descended and glorified the tombof their Lord's Son! O Divine Burial, which sent forth pleasant and sweet fragrance by Christ's entrance to Sheol and gladdened those who lie down in the dust! O Divine Burial, that enlightened the dead with incomprehensible light! O Divine Burial, that invited the faithful to holiness and piety and put to shame and reproach those who denied Him! O Divine Burial, by which those who were buried in the graves found mercy and compassion! O Divine Burial, that established great tranquility and abundant peace among the heavenly hosts and the earthly beings! O Divine burial, by which the gates of heavenly bridal chamber was opened for those who were driven away and for the destitute! Even now, we beseech You, O Lord God, by this sweet incense which we have offered unto You, that You may blot out our sins and trespasses, forgive all our unrighteous acts and grant rest to our faithfu departed who have proceeded unto You. Together with them, we offer You praise and thanksgiving With Your Father and Your Holy Spirit, now and forever. Hoso....

(ലോക്മൊറിയോ കോറേനാൻ)

1. ജീവമയൻ മൃതലോകം-പൂ-ക്കൽഘോഷി-ച്ചാൻ
പുനരുജ്ജീവനമുത്ഥാനം കടമോ-ചനമിവയേ
പാതാളത്തിൻ വാതിൽ തക-ർത്തോടാമ്പലൊടി
ച്ചാമൃതിതന്നധികാരത്തൊടു ജയവും......മായിച്ചു
മരണത്തെ ജീവിപ്പിച്ചവനെ!
നിദ്രയൊഴി-ച്ചോനേ! നീ ധന്യൻ.
കബറാൽ ജീവൻ തന്നവനേ കൃപയാൽ വാഴ്വരുൾക
ബാറെക്മോർ - ശുബഹോ - മെനഓലം...

2. മൃതലോകം പൂകിയ ദാവീ-ദാത്മജനാകും
രാജാവിന്നാൾപ്പേരായ്ദാ-വീദോ-തീടുന്നു.
പാതാളത്തിന്നുയരെത്തീ-യെന്നുടെയാത്മം-
ക്രൂശകരീന്നും ദുഷിയേറ്റു-കുഴിയാന്നോരൊപ്പം
എണ്ണപ്പെ-ട്ടേൻ പാതാളസ്ഥർ-
ക്കുയിരും മോ-ചനവും ഞാൻ നൽകും
ഉയിരാർന്നുയിർ ഞാനേകും ക്രൂ-ശകർല-ജ്ജിതരാകും
മോറിയോ.....

(Lokh Moryo Qorainan)

The Living One went down into the dwellings of the dead, and there he preached resurrection, the quickening of the dead and forgiveness of debts. He broke the gates of hell, cut its bars asunder, dissolved the power of death and put down its victory. Blest be the Life-giving One Who gave life to our death; blest be the Watcher Who awakens our sleepiness; Blest be he Who gave us life by His burial; forgive and have pity and mercy upon us.

Barekhmor Shubhaho........ Menaolam.............
(or) Glory be to the Father........
From eternity to eternity

My life went down into the pit, said David, personifying the King, the Son of David, Who descended into the dwellings of the dead. My soul was filled with the wickedness of the crucifiers; according to their desire, I was reckoned among those that go down to the pit. I will quicken the dead who are in Sheol. I will release those who are in bonds of captivity. I will arise and be exalted and the crucifiers shall be put to shame.

# മാർ യാക്കോബിന്റെ ബോവൂസാ

മ്ശിഹാസ്കീ-പ്പാ മൃതികഷ്ടതകൾക്കായ്-വന്നോനേ!
പ്രാർത്ഥനകേ-ട്ടിട്ടാത്മാക്കളിലൻപുണ്ടാ-കേണം
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

1. ദാസ്യത്തിൽ രക്ഷകനെപ്പോൽ മൃതസവിധം പൂണ്ടാൻ
ഭീയാൻ ഭീകരഭൂതം-തൻ ദാസ്യം നീക്കി
ബദ്ധന്മാരുടെ തുടലും തളയും പാടേപോക്കി
വിണ്ടീടാൻ വന്നൊരു രക്ഷകനെ-യവർവ-ന്ദിച്ചു
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

2. പാതാളത്തിൻ നിലയേ മരുവും വാങ്ങിപ്പോയോർ
കൊണ്ടപ്പിച്ചാർ നതിമഹിമകൾ തൻ-മകുടങ്ങൾ താൻ
ആദ്യം ഹതനാം ഹാബേൽ തൻമുമ്പിൽകു-മ്പിട്ടു
വർഗ്ഗങ്ങൾക്കെല്ലാം തലയായോ-നാദാം-താനും
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

3. നോഹിൻവീടും സുന്ദരശേമത്തൊത്തബറഹാമും
രക്ഷിപ്പാൻ വന്നോരുയിരോനേ-മോദാൽകൂപ്പി
നീതിജ്ഞന്മാർ പിതൃതതി ജാതിത്തലവന്മാരും
ആചാര്യന്മാർ നൃപരും വന്നാമോദാൽകൂ-പ്പി
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

4. മൂശാനിബിയും നിബിസഞ്ചയമങ്ങഹറോൻതാനും
ലേവ്യന്മാരും പട്ടക്കാരും തന്നെ കൂ-പ്പി
വാഞ്ചിച്ചാർ നെടുനാളായ് തന്നെ ദർശിച്ചീടാൻ
ദർശിച്ചപ്പോൾ നതിയും സ്തുതിയും-പകരം-നൽകി
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

5. സ്തോത്രം താതാ! മൃതലോകേസുതനേ-വിട്ടോനേ
തൽഗേഹം പൂണ്ടൊരു സുതനേ-വന്ദിച്ചീ-ടുന്നു
ആശ്വാസകനാം പറുദീസായിൽ ചേർപ്പോനേ സ്തുതിതേ
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമൻപാൽ(കുമ്പിടണം)

നാഥാ! ഭൂവാനം നിൻ പീഡയതിൽ ക്ലേശിച്ചു
മാനോർ വാനോർ നിൻ താഴ്മയിലതി വിസ്മയമാന്ന്.
ദേവാ ദയയുണ്ടാകേണം-നാഥാ! കൃപതോന്ന-ണമെൻപാൽ(കമ്പിടണം)

# മാലാഖമാരുടെ സ്തുതിപ്പ്

അത്യുന്നതങ്ങളിൽ മാലാഖമാരും പ്രാധാന മാലാഖമാരും സ്തുതിക്കുന്നതുപോലെ ബലഹീനരും പാപികളുമായ ഞങ്ങളും നിന്നെ സ്തുതിക്കുന്നു.

എല്ലാക്കാലവും എല്ലാസമയത്തും ഉയരങ്ങളിൽ ദൈവത്തിനു സ്തുതിയും ഭൂമിയിൽ സമാധാനവും നിരപ്പും മനുഷ്യമക്കൾക്കു നല്ല ശരണവും ഉണ്ടായിരിക്കട്ടെ.

ഞങ്ങൾ തന്നെ സ്തുതിക്കുകയും വാഴ്ത്തുകയുംവന്ദിക്കുകയും ചെയ്യുന്നു. സ്തുതിയുടെ ശബ്ദംതനിക്കു ഞങ്ങൾ സമർപ്പിക്കുന്നു.

സർവ്വശക്തിയുള്ള പിതാവും സർവാധിപതിയുംസ്രഷ്ടാവുമായിരിക്കുന്ന ദൈവമായ കർത്താവേ! തന്നേയും യേശുമ്ശിഹാ ആയ ഏകപുത്രനായ ദൈവമായ കർത്താവേ! വിശുദ്ധറൂഹായോടുകൂടെ തന്നേയും തന്റെ സ്തുതിയുടെ വലിപ്പം നിമിത്തം ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

പിതാവിന്റെ പുത്രനും വചനവും ലോകത്തിന്റെ പാപത്തെ വഹിക്കുന്നവനും വഹിച്ചവനുമായ ദൈവത്തിന്റെ കുഞ്ഞാടേ! ഞങ്ങളോടു കരുണചെയ്യണമേ.

പിതാവിന്റെ വലത്തുഭാഗത്തു മഹത്വത്തോടുകൂടിയിരിക്കുന്നവനേ! ദയവുണ്ടായി ഞങ്ങളോടു കരുണചെയ്യണമേ.

എന്തെന്നാൽ താൻമാത്രം പരിശുദ്ധനാകുന്നു. പിതാവായ ദൈവത്തിന്റെ മഹത്വത്തിന് വിശുദ്ധ റൂഹായോടുകൂടെ യേശുമ്ശിഹാ ആയ താൻ മാത്രം കർത്താവാകുന്നു. ആമ്മീൻ.

എല്ലാക്കാലവും ഞങ്ങൾ ജീവനോടിരിക്കുന്ന നാളൊക്കെയും തന്നെ വാഴ്ത്തുകയും എന്നേക്കും വാഴ്ത്തപ്പെട്ടതും നിത്യതയുള്ളതുമായ തന്റെ പരിശുദ്ധ തിരുനാമത്തെസ്തുതിക്കയും ചെയ്യും

ഞങ്ങളുടെപിതാക്കന്മാരുടെദൈവമായ സർവ്വശക്തിയുള്ള കർത്താവേ! വാഴ്ത്തപ്പെട്ടവനാകുന്നു. തിരുനാമം മഹത്വമുള്ളതും എന്നെന്നേക്കും മഹത്വങ്ങളിൽ പ്രാബല്യമുള്ളവനുമാകുന്നു.

സ്തുതി തനിക്കു യോഗ്യമാകുന്നു. മഹത്വം തനിക്കു യുക്ത മാകുന്നു. സകലത്തിന്റേയും ദൈവവും സത്യത്തിന്റെപിതാവുമായ വനോ1 തനിക്കും ഏകപുത്രനും ജീവനുള്ള പരിശുദ്ധ റൂഹായ്ക്കും പു കഴ്ച ചേർച്ചയാകുന്നു. അത് ഇപ്പഴും എല്ലായിപ്പോഴും എന്നേക്കും ത ന്നെ. ആമ്മീൻ.

Just as the exalted angels and the arch-angels of heaven sing praises to You, so like them, we frail and earthy ones, glorify You and say at all times, and in all moments:

Glory be to God on hight, and on earth peace and concord, and good hope to humen:

We praise You, we glorify You, we worship You, songs of praise we raise to You.

We praise You for the greatness of Your glory, O Lord Creator, heavenly King, God the Father Almighty; and You, O Lord God, only begotten Son, Jesus Christ and You Holy Spirit.

O Lord God, Lamb of God, Son and Word of the Father, who bearest and hast borne the sins of the world, have mercy upon us.

Thou who bearest and hast borne the sins of the world, incline Thine ear to us and accept our prayers.

Thou who sittest in glory, at the right hand of the Father, have compassion and mercy upon us.

For, Thou art, and alone Thou art, holy O Lord, Jesus Christ, with the Holy Spirit, for the glory of God.

At all times, and in all the days of our lives, will we bless Thee, and praise Thy holy name, blessed for ever, O Thou who art, and abidest for ever and ever.

Almighty God, God of our Fathers, blessed art Thou, and glorious is Thy Name, and exalted by praises, for ever and ever.

Meet to Thee is glory; becoming to Thee is praise; befitting to Thee is adoration, O God of all, the Father of truth, with Thine only begotton Son, and living Holy Spirit, now and always, for ever and and ever: Amen.

**(മോറാൻ യേശുമ്ശിഹാ)**

ഞങ്ങളുടെ കർത്താവായ യേശുമ്ശിഹാ! തവ കരുണയുടെ വാതിൽ ഞങ്ങളുടെ നേരേ അടയ്ക്കരുതെ. കർത്താവേ! ഞങ്ങൾ പാപികളാകുന്നു എന്നു ഞങ്ങൾ ഏറ്റു പറയുന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

കർത്താവേ! തവ മരണത്താൽ ഞങ്ങളുടെ മരണം മായിക്കപ്പെടുവാനായിട്ട് തിരുസ്നേഹം തവ സ്ഥാനത്തു നിന്ന് ഞങ്ങളുടെ അടുക്കലേക്ക് തന്നെ ഇറക്കിക്കൊണ്ടു വന്നു. ഞങ്ങളോടു കരുണയുണ്ടാകണമെ.

Our Lord, Jesus Christ, do not close the door of Your mercies in our face. We acknowledge, O Lord, that we are sinners. Have mercy upon us. O Lord, Your love brought You from on high to us, that through Your death, our mortality should be swallowed. Have mercy upon us.

പുരോഹിതൻ: ദൈവമേ! നീ പരിശുദ്ധനാകുന്നു.
പ്രതിവാക്യം: ബലവാനേ! നീ പരിശുദ്ധനാകുന്നു.
മരണമില്ലാത്തവനേ! നീ പരിശുദ്ധനാകുന്നു.
ഞങ്ങൾക്കുവേണ്ടി കുരിശിക്കപ്പെട്ട മ്ശിഹാതമ്പുരാ
✠ നേ ഞങ്ങളോടു കരുണ ചെയ്യണമെ.
(മൂന്നു പ്രാവശ്യം ചൊല്ലണം)

Celebrant: Holy art Thou, O God!

Response: Holy art Thou almighty,
Holy art Thou Immortal,
+ Crucified for us, Have mercy-on-us. **(Thrice)**

പുരോഹിതൻ: ഞങ്ങളുടെ കർത്താവേ! ഞങ്ങളോട് കരുണ ചെയ്യണമെ.
പ്രതിവാക്യം: ഞങ്ങളുടെ കർത്താവേ! കൃപതോന്നി ഞങ്ങളോടു കരുണ ചെയ്യണമെ.
ഞങ്ങളുടെ കർത്താവേ! ഞങ്ങളുടെ നമസ്ക്കാരവും ശുശ്രൂഷയും കൈക്കൊണ്ട് ഞങ്ങളോടു കരുണ ചെയ്യണമെ.
ദൈവമേ സ്തുതി
സൃഷ്ടാവേ സ്തുതി
പാപികളായ അടിയാരോടു കരുണ ചെയ്യുന്ന മ്ശിഹാ രാജാവേ സ്തുതി, ബാറെക്മോർ.

Celebrant: Lord, have mercy upon us,
Response: Lord, be kind and have mercy,
Lord, accept thou our office, and our entreaties; have mercy on us.
Celebrant: Glory be to Thee, O God,
Response: Glory be to Thee, Creator,
Glory be Thee, O Christ the King Who doest pity sinners Thy servants, Barekhmore.

പുരോഹിതൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ,
പ്രതിവാക്യം: തിരുനാമം പരിശുദ്ധമാക്കപ്പെടണമെ-തിരു രാജ്യം വരണമെ-തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകണമെ-ഞങ്ങൾക്ക് ആവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കു തരേണമെ ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ-പരീക്ഷയിലേയ്ക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതെ-പിന്നെയോ തിന്മപ്പെട്ടവനിൽ നിന്നു ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ-എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും മഹത്വവും-എന്നേക്കും തനിക്കുള്ളതാകുന്നു-ആമ്മീൻ.

Celebrant: Our Father, who art in heaven
Response: Hallowed be Thy Name: Thy kingdom come; Thy will be done on earth, as it is in heaven. Give us this day our daily bread: and forgive us our trespasses as we forgive them that trespass against us; lead us not into temptation; but deliver us from evil. For Thine is
the king-dom, the power, and the glory, for ever and ever. Amen.

പുരോഹിതൻ: കൃപനിറഞ്ഞ മറിയമേ നിനക്കു സമാധാനം,
പ്രതിവാക്യം: നമ്മുടെ കർത്താവു നിന്നോടുകൂടെ നീ സ്ത്രീകളിൽ വാഴ്ത്തപ്പെട്ടവൾ. നിന്റെ വയറ്റിലെ ഫലമായ നമ്മുടെ കർത്താവീശോമ്ശിഹാ വാഴ്ത്തപ്പെട്ടവനാകുന്നു. ശുദ്ധമുള്ള കന്യകമർത്ത്മറിയമേ, തമ്പുരാന്റെ അമ്മേ, പാപികളായ ഞങ്ങൾക്കുവേണ്ടി ഇപ്പോഴും എപ്പോഴും ഞങ്ങളുടെ മരണസമയത്തിലും ദൈവംതമ്പുരാനോടു അപേക്ഷിച്ചു കൊള്ളണമെ. ആമ്മീൻ.
Celebrant: Hail Mary! Full of grace.
Response: Our Lord is with you. Blessed art thou among women. Blessed is the fruit of your womb- our Lord Jesus Christ. O! virgin, Saint Mary, O! mother of God, pray for us sinners, now and at all times, and at the hour of our death. Amen

പുരോഹിതൻ: സർവ്വ ശക്തിയുള്ള പിതാവും സ്വർഗ്ഗത്തിന്റേയും ഭൂമിയുടേയും
പ്രതിവാക്യം:കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്തിന്റേയും സൃഷ്ടാവായ സത്യമുള്ള ഏക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.
ദൈവത്തിന്റെഏകപുത്രനും സർവ്വലോകങ്ങൾക്കുംമുമ്പിൽ പിതാവിൽ നിന്നു ജനിച്ചവനും പ്രകാശത്തിൽ നിന്നുള്ള പ്രകാശവും സത്യദൈവത്തിൽ നിന്നുള്ള സത്യദൈവവും ജനിച്ചവനും സൃഷ്ടിയല്ലാ

ത്തവനും സാരാംശത്തിൽ പിതാവിനോടു സമത്വമുള്ളവനും തന്നാൽ സകലവും നിർമ്മിക്കപ്പെട്ടവനും മനുഷ്യരായ നമ്മൾക്കും നമ്മുടെ രക്ഷയ്ക്കും വേണ്ടി (+) സ്വർഗ്ഗത്തിൽ നിന്നിറങ്ങി വിശുദ്ധ റൂഹായിൽ നിന്നും ദൈവമാതാവായ വിശുദ്ധ കന്യമറിയാമ്മിൽ നിന്നും (+) ശരീരയായിത്തീർന്ന് മനുഷ്യനായി പൊന്തിയോസ് പീലാത്തോസിന്റെ ദിവസങ്ങളിൽ നമുക്കു വേണ്ടികുരിശിൽ (+) തറയ്ക്കപ്പെട്ടു കഷ്ടം അനുഭവിച്ചു മരിച്ചു അടക്കപ്പെട്ടു തിരു മനസ്സായ പ്രകാരം മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റു സ്വർഗ്ഗത്തിലേക്കു കരേറി തന്റെ പിതാവിന്റെ വലത്തുഭാഗത്ത് ഇരുന്നവനും ജീവനുള്ളവരേയും മരിച്ചവരേയും വിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും തന്റെ രാജ്യത്തിനു അവസാനമില്ലാത്തവനും ആയ യേശുമ്ശിഹാ ആയ ഏക ദൈവത്തിലും ഞങ്ങൾ വിശ്വസിക്കുന്നു.

സകലത്തേയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ടു പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടുസ്തുതിക്കപ്പെടുന്നവനും നിബിയന്മാരും ശ്ലീഹന്മാരുംമുഖാന്തിരംസംസാരിച്ചവനുമായ ജീവനും വിശുദ്ധിയുമുള്ള ഏക റൂഹായിലും കാതോലികവും അപ്പോസ്തലികവുമായ ഏക വിശുദ്ധ സഭയിലും ഞങ്ങൾ വിശ്വസിക്കുന്നു.

പാപമോചനത്തിനു മാമോദീസ ഒന്നു മാത്രമേയുള്ള എന്നു ഞങ്ങൾ ഏറ്റു പറഞ്ഞു, മരിച്ചു പോയവരുടെ ഉയർപ്പിനും വരുവാനിരിക്കുന്ന ലോകത്തിലെ പുതിയജീവനുമായി ഞങ്ങൾനോക്കിപ്പാക്കുന്നു.

ആമ്മീൻ

ബാറെക്മോർ, സ്ഥൌമെൻ കാലോസ് കുറിയേലായിസ്സോൻ

Celebrant: We believe in one true God,

Response: The Father Almighty, maker of heaven and earth and all things visible and invisible; Amen.

And the one Lord Jesus Christ, the only begotten Son of God, begotten of the Father before all words, light of light, true God of very true God, begotten, not made, being of the same substances with the Father, and by

whom all things were made; who for us men and for salvation came down from heaven, (+) and was incarnate of the holy Virgin Mary, Mother of God, by the holy spirit, and became man (+) and was crucified (+) for us in the days of Pontius Pilate, and suffered and died and was buried; and on the third day rose again according to His will, and ascended into heaven, and sat on the right hand of His Father, and shall come again in His great glory to judge both the living and the dead, whose kingdom shall have no end; Amen.

And in the one living Holy Spirit, the life giving Lord of all, who proceeds from the Father, and who with the Father, and the son is worshipped and glorified, who spoke by the prophets and the apostles; Amen.

And in the one, holy, catholic and apostolic Church; and we acknowledge one baptisam for the remission of sins; and look for the resurrection of the dead; and the new life in the world to come. Amen.
Barekmore, Stoumen kalos Kurielaison.

(കുക്കിലിയോന പകരം)

മൃതിയാലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ!
മൃതരാ-യോക്കുയിരും ഞങ്ങൾ-ക്കരുൾകൃപയും (കുമ്പിടണം)

മൃതിയാലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ!
മൃതരാ-യോക്കുയിരും ഞങ്ങൾ-ക്കരുൾകൃപയും (കുമ്പിടണം)

മൃതിയാലടിയാരുടെ മൃതിപോ-ക്കിയ മ്ശിഹാ!
മൃതരാ-യോക്കുയിരും ഞങ്ങൾ-ക്കരുൾകൃപയും (കുമ്പിടണം)

(അല്ലെങ്കിൽ) (ഗദ്യം)

തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ, ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിച്ച് ഞങ്ങളോടെ കരുണചെയ്യണമേ
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ, ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിച്ച് ഞങ്ങളോടെ കരുണചെയ്യണമേ
തന്റെ മരണത്താൽ ഞങ്ങളുടെ മരണത്തെ ജീവിപ്പിച്ച മ്ശിഹാ, ഞങ്ങളുടെ മരിച്ചവരെ ജീവിപ്പിച്ച് ഞങ്ങളോടെ കരുണചെയ്യണമേ

**O Christ, who by His Death quickened our mortality, raise our departed, accept our service and have mercy upon us.**
**O Christ, who by His Death quickened our mortality, raise our departed, accept our service and have mercy upon us.**
**O Christ, who by His Death quickened our mortality, raise our departed, accept our service and have mercy upon us.**

നാഥാ! തേ, സ്തുതിയും, മാനം താതനും
മഹിമാ വന്ദനകൾ ശുദ്ധാത്മാവിനും
ഉണ്ടാകുൾകൃപ പാപികളാം ഞങ്ങളിലും
മേലാമൂറിശ്‌ലേം വാതിൽക്കുള്ളിൽ നിൻ
സിംഹാസനമണയണമീ പ്രാർത്ഥന മ്ശിഹാ!
സ്തോത്രം കർത്താവേ! സ്തോത്രം കർത്താവേ!
നിത്യം ശരണവുമേ! സ്തോത്രം-ബാറെക്മോർ.

Praise to Thee, O Lord, To Thy Father Praise,
Worship, glory be To the Holy Ghost.
Grace and mercy be on us sinners all,
Opened be to us Zion’s gates above
May our pleas be heard at the throne of Christ.
Praise to Thee, O Lord, Praise to Thee, O Lord,
Ever praise to Thee, Our hope. Barekhmor.

OR

**Glory to You, O Lord, honor to Your Father, worship and exaltation to the Holy Spirit and upon us sinners, mercy and compassion.**
**May the gates of heavenly Jerusalem be opened that our prayers may be brought before the judgment seat of Christ.**
**Glory to You, Our Lord, Glory to You, Our Lord, Glory to You, our hope forever. Barekhmore.**

**(സുറിയാനി)**

ലോക്മോർ തെശുദ്ദുഹത്തോ ലാ ബോക് എക്റോ
വൽറൂഹോദ് കുദ്ശോ സെഗതോ റൂമാ റോമോ
വലൈൻ ഹാതോയാ റഹ്മാ വഹ്നൂനോ
നസ്പാസ് ആഹൂൻ താരാ അയ് ഒറിശലേം ദഹലാ അൽ
നെൽഓൻ സ്ലാവോസോൻ ക്ദാംബിം ദം ശീഹോ
ശുബഹോ ലോക് മോറാൻ ശുബഹോ ലോക് മോറാൻ
ശുബഹോ ലോക് സബറാൻ ലാ ഒലാം, ബാറെക്മോർ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ! തിരുനാമം പരിശുദ്ധമാക്കപ്പെടേണമെ. തിരു രാജ്യം വരേണമെ. തിരുവിഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും ആകണമെ. ഞങ്ങൾക്കാവശ്യമുള്ള ആഹാരം ഇന്നും ഞങ്ങൾക്കുതരേണമെ. ഞങ്ങളുടെ കടക്കാരോടു ഞങ്ങൾ ക്ഷമിച്ചതുപോലെ ഞങ്ങളുടെ കടങ്ങളും ദോഷങ്ങളും ഞങ്ങളോടു ക്ഷമിക്കണമെ. പരീക്ഷയിലേക്കു ഞങ്ങളെ പ്രവേശിപ്പിക്കരുതേ. പിന്നെയോ ദോഷത്തിൽ നിന്നും ഞങ്ങളെ രക്ഷിച്ചു കൊള്ളണമെ. എന്തുകൊണ്ടെന്നാൽ രാജ്യവും ശക്തിയും സ്തുതിയും മഹത്വവും എന്നുമെന്നേക്കും തനിക്കുള്ളതാകുന്നു. ആമ്മീൻ.

Our Father, who art in heaven, Hallowed be Thy name, Thy kingdom come, Thy will be done on earth, as it is in heaven. Give us this day our daily bread and forgive us our debts and sins, as we have forgiven our debtors. Lead us not into temptation; but deliver us from the evil one. For Thine is the kingdom, the power, and the glory, for ever and ever. Amen (+)